**കാർഷിക സർവ്വകലാശാല**
**ഫിസിക്കൽ പ്ലാന്റ് ഡയറക്ടറുടെ കാര്യാലയം വെള്ളാനിക്കര,**
**കെ.എ.യു (പി.ഒ) 680 656**
Ph: 0487-2438155 Website:www.kau.in/tenders E-mail: dpp@kau.in

No. A4/1086/09 **ലഘുദർഘാസ് പരസ്യം നമ്പർ:12/16-17**

കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർക്കു വേണ്ടി ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ താഴെ പറയുന്ന പ്രവൃത്തികൾക്ക് അംഗീകൃത കരാറുകാരിൽനിന്നും പേരെഴുതി മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഏകദേശ അടങ്കൽ തുക രൂപ | നിരത ദ്രവ്യം രൂപ. | കാലാവധി | ദർഘാസ് വില.+5% വിൽപ്പന നികുതി ഉൾപ്പടെ |
|---|---|---|---|---|---|
| | സിവിൽ ജോലികൾ | | | | |
| 1 | മെയിൻ കാമ്പസ് വെള്ളാനിക്കരയിലെ ആർ.ടി. എൽ കെട്ടിടത്തിൽ ഗാമ ഇർറേഡിയേഷൻ ചേംബർ സ്ഥാപിക്കുന്നതിനാവശ്യമായ മുറിയുടെ നിർമ്മാണം | **6,96,004/-** | **17,450/-** | **3മാസം** | **1,470/-** |

**കരാറുകാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യത :**

**സിവിൽ ജോലികൾ**

**ക്രമനമ്പർ 1** "സി".ക്ലാസ്സും കൂടുതലും

പി.ഡബ്ലിയു.ഡി./ഇറിഗേഷനിൽ രജിസ്ട്രർ ചെയ്ത കരാറുകാരായിരിക്കേണ്ടതാണ്.

**ബി, സി, ക്ലാസുകളിൽ മാറ്റം വരുത്തിയ കരാറുകാർക്ക് അതാതനുസരിച്ചുള്ള ടെണ്ടറുകളിൽ പങ്കെടുക്കാവുന്നതും ആയതിന്റെ ബാക്കി ഡെപ്പോസിറ്റ് തുക അടച്ചതിന്റെയും മറ്റു രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതുമാണ്.**

| ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി | ദർഘാസ് തുറക്കുന്ന സമയം |
|---|---|
| ക്രമനമ്പർ **1 -- 20/01/17**<br>പകൽ 3.00 മണി വരെ | ക്രമനമ്പർ **1 -- 20/01/17**<br>പകൽ 3.30 മണി |

**ദർഘാസ് വിൽപന:**

ടെൻഡർ ഫോമും ടെൻഡർ ഷെഡ്യൂളും റേറ്റ് രേഖപ്പെടുത്തേണ്ട ഷീറ്റും കരാറുകാർക്ക് കേരള കാർഷിക സർവ്വകലാശാലയുടെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു എടുക്കാവുന്നതും പൂരിപ്പിച്ച ടെൻഡർ ആവശ്യമായ മറ്റു രേഖകൾ സഹിതം **രജിസ്റ്റേഡ് തപാലിലോ / സ്പീഡ് പോസ്റ്റിലോ** സമർപ്പിക്കാവുന്നതാണ്.

ടെൻഡർ ഫോമിന്റെ നിശ്ചിത വില ഫിസിക്കൽ പ്ലാന്റ് ഡയറക്ടർക്ക് എസ്. ബി. റ്റി. കെ.എ.യു. ബ്രാഞ്ചിൽ മാറാവുന്ന വിധം ഡിമാന്റ് ഡ്രാഫ്റ്റയി ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ടെൻഡർ ഫോമിന്റെ വില പണമായോ ചെക്കായോ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ടെൻഡർ ഫോമും മറ്റു അനുബന്ധരേഖകളും ടെൻഡർ ഫോമിന്റെ വിലയായ നിശ്ചിത തുകയ്ക്കുള്ള ഡ്രാഫ്റ്റും നിരത ദ്രവ്യവും കരാറുകാരന്റെ ലൈസൻസിന്റെ ഫോട്ടോ കോപ്പിയും (കാലാവധി കാണിക്കുന്ന പേജ് അടക്കം) **രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ്** വഴി മേൽ കാണിച്ച നിശ്ചിത സമയത്തിനുള്ളിൽ ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ കേരള കാർഷിക സർവ്വകലാശാല, കെ.എ.യു. പി.ഒ, വെള്ളാനിക്കര പിൻ കോഡ് –680656 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ടെൻഡർ അടക്കം ചെയ്ത കവറിനു മുകളിൽ കരാറുകാരന്റെ പൂർണ്ണ മേൽവിലാസവും പണിയുടെ പേരും, ക്രമ നമ്പറും കാണിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. ടെൻഡർ അടക്കം ചെയ്ത കവറിനു മുകളിൽ കരാറുകാരന്റെ മേൽ വിലാസം, പണിയുടെ പേര് എന്നിവ രേഖപ്പെടുത്താത്തതും നിശ്ചിത സമയത്തിനുള്ളിൽ മേൽപ്പറഞ്ഞ വിലാസത്തിൽ ലഭിക്കാത്തതുമായ ടെൻഡറുകൾ ഉടനടി നിരസിക്കുന്നതാണ്.

തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസിനോടൊപ്പം സംഘത്തിന്റെ പേരിൽ പി.ഡബ്ള്യു.ഡി യിൽ നിന്നും ലഭിച്ചിട്ടുള്ള അതാത് ദർഘാസ് തുകയ്ക്ക് അനുസരിച്ചിട്ടുള്ളതോ കൂടുതലോ ഉള്ള ലൈസൻസിന്റെ കോപ്പി കാലാവധി കാണിക്കുന്ന പേജ് ഉൾപ്പടെ അടക്കം ചെയ്യേണ്ടതും അനുബന്ധ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും കൂടാതെ അവരുടെ കൈവശമുള്ള എല്ലാ ജോലികളുടേയും വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് സഹകരണ സംഘം അസി. രജിസ്ട്രാറുടെ സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

ദർഘാസുകൾക്കൊപ്പം നിരതദ്രവ്യമായി "ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ്, ഇന്ദിര / കിസാൻ വികാസ് പത്ര / ഡിമാന്റ് ഡ്രാഫ്റ്റ്" എന്നിവ സ്വീകരിക്കുന്നതല്ല. ദർഘാസുകളോടൊപ്പം **200**/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്. കേരള പി.ഡബ്ലിയു.ഡി.യിലേയും കാർഷിക സർവ്വകലാശാലയിലേയും എല്ലാ നിബന്ധനകളും കൂടാതെ കേരള സർക്കാർ ഉത്തരവ് ജി.ഒ(പി)നം.03/15/Fin തിയ്യതി 05.01.2015 പ്രകാരമുള്ള നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

**ദർഘാസ് പ്രമാണങ്ങൾ ടെൻഡർ ദിവസത്തിന് 5 ദിവസം മുൻപ് മുതൽ കെ.എ.യു വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്.**

ഒപ്പ്
ഡോ. വി.ആർ.രാമചന്ദ്രൻ
**ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ i/c.**
(ബഹു: വൈസ് ചാൻസിലർക്കു വേണ്ടി)

തീയതി: **05/01/17**
**No. A4/1086/09**